**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1636** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ മാർക്കറ്റുകൾ മുഖാന്തിരം വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിവകുപ്പിന് കീഴിൽ ബ്രാൻഡ് ചെയ്യപ്പെട്ട ഉൽപ്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റുകൾ മുഖാന്തിരം വിൽപ്പന നടത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള 21 ഫാമുകളിൽ നിന്നും, സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് മണ്ണുത്തിയിൽ നിന്നുമായി 193 ഉത്പന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡിന്റെ കീഴിൽ 2023 ഏപ്രിൽ മുതൽ ആമസോൺ, ഫ്ളിപ്കാർട്ട് എന്നീ ഓൺലൈൻ സൈറ്റുകളിൽ കൂടി വിൽപ്പന നടത്തുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ട്. അതിലൂടെ നാളിതുവരെ 2,53,211 രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്. |
| (ബി) | കൂടുതൽ ഉൽപ്പന്നങ്ങൾ ഓൺലൈൻ ഷോപ്പുകൾ മുഖാന്തിരം വിൽപ്പന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | കൃഷി വകുപ്പിന്റെ കീഴിൽ കൂടുതൽ ഫാമുകളുടെ ഉത്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവരുന്നതിനും നിലവിലുള്ള ഫാമുകളുടെ ഓൺബോർഡഡ് ഉത്പന്നങ്ങൾ വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കൂടാതെ കർഷകർ, കൃഷിക്കൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ, എഫ്.പി.ഒ, എഫ്.പി.സി. കൾ തുടങ്ങിയവർ ഉത്പാദിപ്പിക്കുന്ന മൂല്യവർധിത ഉത്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉത്പന്നങ്ങൾ "ഒരു കൃഷിഭവൻ ഒരു ഉത്പന്നം" എന്ന ലക്ഷ്യം കണ്ടെത്തി മെച്ചപ്പെട്ട വിപണനം ഉറപ്പാക്കുന്നതിനായി 'കേരളഗ്രോ' ബ്രാൻഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ഉത്പന്നങ്ങൾ 'കേരളഗ്രോ' ബ്രാൻഡ് ചെയ്യുന്നതിനും ഓൺലൈൻ വിപണനത്തിനുമായി 40.00 ലക്ഷം രൂപ 2023-24 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ